ഉത്തരം

(എ) ഗ്രൂപ്പ് ഫാമിംഗ് പദ്ധതി പൂർണ്ണതോതിൽ നടപ്പിലാക്കാൻ ആരംഭിക്കുന്നതേയുള്ളൂ. ഗ്രൂപ്പ് ഫാമിംഗ് സമിതികൾക്ക് അതിനാൽ ഇപ്പോൾ നേരിട്ട് സഹായം ചെയ്യുന്നില്ല. എന്നാൽ നെൽക്കൃഷിക്കുള്ള എല്ലാ ആനുകൂല്യങ്ങളും ഗ്രൂപ്പ് ഫാമിംഗ് സമിതികളിലെ അംഗങ്ങളായ കർഷകർക്കും ലഭിക്കുന്നുണ്ട്.

(ബി)&(സി) നെൽക്കൃഷി വികസനത്തിനായുള്ള സഹായത്തിനായി 1997-98 ൽ 1620 ലക്ഷം രൂപയും 98-99 ൽ 1963 ലക്ഷം രൂപയും വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

**104 (2666) സഹകരണാടിസ്ഥാനത്തിൽ കൃഷി**

ശ്രീ. സി.കെ. നാണു :

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിക്കുപയുക്തമായതും കൃഷിചെയ്യാതെയും കിടക്കുന്ന ഭൂമിയിൽ കൃഷിചെയ്യാനാവശ്യമായ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ സർക്കാരുദ്ദേശിക്കുന്നുണ്ടോ;

(ബി) ഗ്രാമങ്ങളിലെ തൊഴിൽരഹിതരെ സഹകരണാടിസ്ഥാനത്തിൽ ചുമതലയേൽപ്പിച്ച് ഈ ഭൂമിയിൽ കൃഷി നടത്തിക്കാൻ സന്നദ്ധമാകുമോ എന്നറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. തരിശുഭൂമിയിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനും ഉപയുക്തമായ മറ്റ് തരിശുഭൂമികളിൽ പച്ചക്കറി, വാഴ എന്നിവ കൃഷി ചെയ്യുന്നത് പ്രേരിപ്പിക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഒരുപ്പു നിലങ്ങളെ ഇരുപ്പുനിലങ്ങളും മുപ്പു നിലങ്ങളുമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തിന്റെ താൽപ്പര്യം പരിഗണിച്ച് സ്വകാര്യവ്യക്തികളുടെ ഉടമസ്ഥതയിലുള്ള തരിശുഭൂമികളിൽ കൃഷിചെയ്യുന്നതിന് ഇത്തരമൊരു സംവിധാനം ഏർപ്പെടുത്താനാകുമോ എന്ന കാര്യം കൃഷിവകുപ്പ് പരിശോധിച്ചു വരുന്നു.

**105 (2667) കാർഷികവൃത്തിയിലേക്ക് യുവജനങ്ങളെ ആകർഷിക്കുന്നതിന് പദ്ധതി**

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികവൃത്തിയിലേക്ക് യുവജനങ്ങളെ ആകർഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(ബി) വിശദാംശം വ്യക്തമാക്കുമോ;

(സി) 9-ാം പദ്ധതിയിൽ കാർഷികരംഗത്ത് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ച് കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ ഇനത്തിൽ ഇതുവരെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1. പച്ചക്കറി വികസന പദ്ധതി
2. കാർഷിക യന്ത്രവൽക്കരണം
3. പുഷ്പകൃഷിവികസനം
4. വനിതകളുടെ ഉന്നമനത്തിനായുള്ള പദ്ധതി
5. സമൃദ്ധി സ്റ്റാളുകൾ
6. നൂതന കാർഷിക സംരംഭങ്ങൾ

(ബി) 1. പച്ചക്കറി വികസന പദ്ധതി

യുവകർഷകർ ഉൾപ്പെടുന്ന ഹരിതസംഘങ്ങൾ മുഖേന പച്ചക്കറി കൃഷി നടപ്പിലാക്കുന്നു. കാർഷികോൽപ്പന്നങ്ങളുടെ വിപണനത്തിനായി ബ്ലോക്ക് തലത്തിൽ വിപണനശാലകൾ നടത്തുന്നു.

2. കാർഷിക യന്ത്രവൽക്കരണം

ട്രാക്ടർ, ടില്ലർ, മെതിയന്ത്രം തുടങ്ങിയ ആധുനിക യന്ത്രോപകരണങ്ങൾ ഉപയോഗിക്കുന്നതിന് യുവജനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നു.

3. പുഷ്പക്കൃഷി വികസനം

തിരുവനന്തപുരം, കൊല്ലം, തൃശൂർ, എറണാകുളം ജില്ലകളിലെ 80 പഞ്ചായത്തുകളിൽ ഫ്ളോറിക്കൾച്ചർ ക്ലബ്ബുകൾ രൂപീകരിച്ച് പദ്ധതി നടപ്പാക്കുന്നതാണ്. ഓരോ ക്ലബ്ബും 25 തൊഴിൽരഹിതരായ യുവതീയുവാക്കളെ പുഷ്പക്കൃഷിക്കായി പ്രോത്സാഹിപ്പിക്കുന്നു.

4. വനിതകളുടെ ഉന്നമനത്തിനായുള്ള പദ്ധതി

കാർഷിക സംസ്ക്കരണ മേഖലയിൽ 25 വനിതകൾ അടങ്ങുന്ന വനിതാ സംഘടനകൾ രൂപീകരിച്ച് സംസ്ക്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതാണ്.

5. സമൃദ്ധി സ്റ്റാളുകൾ

ഓരോ നിയോജകമണ്ഡലത്തിലും ഏജൻസി വ്യവസ്ഥയിൽ നടീൽ വസ്തുക്കൾ, കാർഷിക ഉപകരണങ്ങൾ തുടങ്ങിയവ വിൽക്കുന്നതിനുള്ള സ്റ്റാളുകൾ തുടങ്ങുന്നു.

(സി) മേൽ സൂചിപ്പിച്ച പദ്ധതികൾ മുഖേനയും അതുകൂടാതെ കുരുമുളക് വികസന പദ്ധതി, കശുമാവ് വികസന പദ്ധതി, കാർഷികമേഖലയിൽ നൂതന കാർഷിക സംരംഭങ്ങൾ നെൽകൃഷി വികസന പരിപാടികൾ, തെങ്ങ് വികസന പദ്ധതി എന്നിവ മുഖേനയും ഗുണമേന്മയുള്ള വിത്തും നടീൽ വസ്തുക്കളും ഉൽപ്പാദിപ്പിക്കുന്നതിനുള്ള അവസരങ്ങൾ സൃഷ്ടിക്കുന്നതിനും അതിലൂടെ കൂടുതൽ യുവതീയുവാക്കളെ കാർഷികവൃത്തിയിൽ ആകൃഷ്ടരാക്കുന്നതിനും ഉദ്ദേശിച്ചുള്ള പരിപാടികൾ ഉൾപ്പെടുത്തിയിരിക്കുന്നു.

(ഡി) ഏകദേശം 30,000 പേർക്ക് പ്രത്യക്ഷമായി തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

**106 (26668) വിദ്യാലയങ്ങളിലെ പച്ചക്കറിക്കൃഷി**

പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. യു.എസ്. ശശി :

LIBRARY ARCHIVES Kerala Legislative Assembly